മേഖലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ മേൽ സൂചിപ്പിച്ച കാലയളവിൽ സേവനത്തിലിരുന്ന താൽക്കാലിക വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തണമോ വേണ്ടയോ എന്ന കാര്യത്തിൽ അത്തരം സ്ഥാപനങ്ങൾക്ക് തന്നെ തീരുമാനമെടുക്കാനുള്ള അനുമതിയും പ്രസ്തുത ഉത്തരവിൽ നൽകിയിട്ടുണ്ട്.

(ബി) ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.†

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ കാലയളവിൽ സർക്കാർ സേവനത്തിലുണ്ടായിരുന്ന താൽക്കാലിക വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ എല്ലാ വകുപ്പ് തലവൻമാരും, നിയമനാധികാരികളും ബാദ്ധ്യസ്ഥരാണ്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണമേഖലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ അതാത് സ്ഥാപനങ്ങളുടെ താൽപര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിലെ പൊതു പരിപാടികൾ

103 [1647] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ സംഘടിപ്പിക്കുന്ന സർക്കാർ പൊതു പരിപാടികൾ ഒട്ടുമിക്കതും നിലവിലുള്ള കീഴ്വക്കങ്ങളും സർക്കാർ നിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ടാണ് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) എം. എൽ. എ.-യെ ഒഴിവാക്കാൻ വേണ്ടി മാത്രം പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കേന്ദ്ര സഹമന്ത്രി ഉദ്ഘാടകനുമായ പൊതുപരിപാടി നിശ്ചയിച്ച് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ പൊതു പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രോട്ടോകോൾ പാലിക്കുന്നതും സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ഡി) ഇത് കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കീഴ്വഴക്കം ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

† അനുബന്ധം IX

GPM. 2/542/2012.—19

LIBRARY ARCHIVES Kerala Legislative Assembly

(സി) & (ഡി) സംസ്ഥാന സർക്കാർ പൊതു പരിപാടികളിൽ എം. എൽ. എ. മാർക്കും എം. പി. മാർക്കും അർഹമായ സ്ഥാനം നൽകുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.† ഇത് കർശനമായി പാലിക്കാൻ നിലവിൽ നിർദ്ദേശമുണ്ട്.

മന്ത്രി സഭാംഗങ്ങളുടെ വാഹന യാത്രാ ചെലവ്

104 [1653] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം മന്ത്രിമാർ അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം മാറ്റി പുതിയത് സ്വീകരിച്ചുവെന്നും അതിനു കാരണം എന്താണെന്നും അറിയിക്കാമോ;

(ബി) മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഉപയോഗിക്കുന്ന മോട്ടോർ കാറുകളുടെ ബ്രാൻഡ് മോഡൽ, വർഷം, വാങ്ങിയ തീയതി എന്നിവ അറിയിക്കുമോ;

(സി) ഔദ്യോഗിക വാഹനം ഉപയോഗിച്ച് യാത്ര ചെയ്യുമ്പോൾ യാത്രപ്പടി മൈലേജ് റേറ്റിൽ വാങ്ങുന്ന മന്ത്രിമാരുണ്ടോ? ഉണ്ടെങ്കിൽ കിലോമീറ്ററിന് അത് എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മൂന്നു വർഷം പഴക്കമുള്ളതോ ഒരു ലക്ഷം കിലോമീറ്റർ ഓടിക്കഴിഞ്ഞതോ ആയ വാഹനങ്ങൾ മാറ്റി പുതിയവ സ്വീകരിക്കാമെന്ന് വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയനുസരിച്ച് സംസ്ഥാന മുഖ്യമന്ത്രി, ധനകാര്യമന്ത്രി, വ്യവസായമന്ത്രി, കൃഷിമന്ത്രി, സഹകരണ മന്ത്രി, വിദ്യാഭ്യാസമന്ത്രി, ആരോഗ്യമന്ത്രി, ജലസേചന മന്ത്രി, ഗതാഗത മന്ത്രി, ഗ്രാമവികസന മന്ത്രി, പിന്നോക്കക്ഷേമ മന്ത്രി, വിനോദസഞ്ചാര മന്ത്രി, തദ്ദേശ സ്വയംഭരണമന്ത്രി, പൊതുമരാമത്ത് മന്ത്രി, തൊഴിൽ മന്ത്രി, ഭക്ഷ്യ മന്ത്രി എന്നിവർ അവർ ഉപയോഗിച്ചുവന്ന പഴയ വാഹനങ്ങൾ മാറ്റി പുതിയവ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) മന്ത്രിമാർ, പ്രതിപക്ഷ നേതാവ് എന്നീ ഔദ്യോഗിക പദവികളിൽ ഇരിക്കുന്നവർ യാത്രചെയ്യുമ്പോൾ യാത്രപ്പടി മൈലേജ് റേറ്റിൽ വാങ്ങാറുണ്ട്. ഇത് കിലോമീറ്ററിന് 6 രൂപയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly